## ലൂഥറൻ മിഷന്റെ ഇന്ത്യൻ മുഖങ്ങൾ - രണ്ട്

# കെ.ജി. തിയോഡോർ നേത്തർ

പരിഭാഷ : റവ.ഡോ.ഡി.ക്രിസ്തുദാസ്



കെ.ജി. തിയോഡോർ നേത്തർ
ജനനം : 14 സെപ്തംബർ 1866
ബൗട്സൺ, ജർമ്മനി
മരണം : 13 ഫെബ്രുവരി 1904
കൃഷ്ണഗിരി, ഇന്ത്യ
വചനത്തിന്റെ തെറ്റില്ലായ്മയ്ക്കും ആദ്യ അന്താരാഷ്ട്ര മിസൂറി സിനഡു മിഷന്റെ സ്ഥാപനത്തിനും പോരാടിയ ലൂഥറൻ മിഷണറി

തമിഴ് ജനതയോട് യേശു ക്രിസ്തുവിന്റെ സുവിശേഷം വചനവ്യക്തതയിലും സമഗ്രതയിലും പ്രഖ്യാപിക്കാൻ പോരാടിയ ആദ്യ മിഷണറി



1902 - ൽ എടുത്ത
നേത്തറിന്റെ കുടുംബ ചിത്രം

മിഷൻ അധികാരികളുടെ കാഠിന്യങ്ങളെ അതിജീവിക്കാനും ഉടനെ സുവിശേഷഫലം കണ്ടില്ലെങ്കിലും ക്ഷമയോടെ ദൈവവചനം പ്രഖ്യാപിക്കാനും ക്രിസ്തു തന്റെ വിശ്വസ്തദാസനായ കാൾഗുസ്താവ് തിയഡോർ നേത്തർക്ക് കരുണ കാണിച്ചു.

വിശ്വാസം, ജീവിതം, പോരാട്ടങ്ങൾ എന്നീ വിഷയങ്ങളിൽ പ്രഥമ ലൂഥറൻ മിഷണറി സ്വീഗൻബാൾഗുമായി തിയഡോർ നേത്തർക്ക് ഏറെ സമാനതകളുണ്ട്. സ്വീഗൻബാൾഗിനെപ്പോലെ ഒരു കുഞ്ഞായിരുന്നപ്പോൾ അവൻ ഏറെ പ്രതിസന്ധികൾ നേരിട്ടു. 3 വയസ്സുവരെ അവനു ശരിയായ സംസാരശേഷിയുണ്ടായിരുന്നില്ല. യുവാവായിരുന്നപ്പോൾ ഒരു മിഷണിയാകാൻ കൊതിച്ചു എങ്കിലും ആദ്യകാല ങ്ങളിലെല്ലാം തന്റെ പിതാവ് നിരുത്സാഹപ്പെടുത്തി. തന്റെ ജന്മസ്ഥലമായ സാക്സണിയിലെ ബാട്സൺ വിട്ട് അന്യദേശത്തെ മിഷൻ സ്കൂളിൽ പഠനത്തിന് ചേർന്നു. തിരുവചനസത്യങ്ങൾ മനസ്സിലാക്കുന്നതും പങ്കിടുന്നതും എങ്ങനെയെന്ന് അവൻ അവിടെ പഠിച്ചു. സ്വീഗൻബാൾഗിന്റെ തമിഴ് വ്യാകരണ ഗ്രന്ഥം ഉപയോഗിച്ച് തമിഴ് ഭാഷാപഠനവും അവൻ ആരംഭിച്ചു.

1887 ജൂൺ 30 ന് നേത്തർ അഭിഷിക്തനാകുകയും ഇന്ത്യയിലെ ലെയ്പ്സിൽ മിഷണറിയായി നിയോഗിതനാകുകയും ചെയ്തു. 175 വർഷങ്ങൾക്ക് മുമ്പ് സ്വീഗൻബാൾഗ് തരംഗംപാടിയിൽ സ്ഥാപിച്ച അച്ചടി ശാലയുടെ മേൽനോട്ട ചുമതല ഏല്പിക്കപ്പെട്ടു. 1892 ഫെബ്രുവരിയിൽ 'തിരുവെഴുത്തുകളുടെ ദൈവശ്വാസീയതയും തെറ്റിക്കൂടായ്മയും' എന്ന വിഷയത്തെക്കുറിച്ച് പ്രബന്ധം അവതരിപ്പിച്ചു. പകുതിയോളം ലെയ്പ്സിക് മിഷണറി മാർ നേത്തറിന്റെ ദൈവ ശാസ്ത്ര നിലപാട് അംഗീകരിച്ചില്ല. നേത്തർ ലെയ്പ്സിൽ മിഷൻ നേതാക്കളുടെ പരിഗണനയിൽ വിഷയം എത്തിച്ചു. എന്നാൽ ലെയ്പ്സിൽ മിഷൻ അധികാരികൾ ഇന്ത്യയിലെത്തിയപ്പോൾ നേത്തറിനേയും സഹപ്രവർത്തകനായ മോഹനേയും മിഷനിൽ നിന്നും പുറത്താക്കി. ജർമ്മനിയിലേക്ക് തിരിച്ചുപോകാനുള്ള ചിലവു കണ്ടെത്താൻ അവർ നന്നേ വിഷമിച്ചു.

1894-ൽ ജർമ്മനിയിൽ തിരിച്ചെത്തിയ നേത്തറിനേയും മോഹനേയും സാക്സണിയിലെ സ്വതന്ത്രസഭ അനുകമ്പയോടെ ശ്രവിച്ചു. അമേരിക്കയിലെ സി.എഫ്.ഡബ്ലിയു. വാൾത്തറുമായി ബന്ധപ്പെടാൻ അവർ നേത്തറിനെ പ്രോത്സാഹിപ്പിച്ചു. നേത്തർ മിസ്സൂറി സന്ദർശിക്കുകയും ഫാദർ സുക്കറിനാൽ പരിശോധിക്കപ്പെ



Krishnagiri
in Tamil Nadu

ടുകയും ചെയ്തു. ലെയ്പ്സിൽ ഇന്ത്യാമിഷനിൽ നിന്നും മുമ്പേ വിട്ടുപോയ വ്യക്തിയായിരുന്നു ഫാദർ സുക്കർ. 1894 ഒക്ടോബർ 13-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്കുശേഷം മിസ്സൂറി സെന്റ് ചാൾസിലുള്ള ഇമ്മാനുവേൽ ലൂഥറൻ സഭയിൽ 240 പേരുടെ മുമ്പാകെ അവർ നിയോഗിതരായി സി.എം. സോൺ വചന ശുശ്രൂഷ നടത്തുകയും അപ്പൊ.പ്രവൃ 26:16-18 ആസ്പദമാക്കി പ്രസിഡന്റ് ഷ്വാൻ രണ്ടു മിഷണറിമാരെയും പ്രബോധിപ്പിക്കുകയും ചെയ്തു. ജർമ്മനി വഴി ഇന്ത്യയിലേക്കുള്ള അവരുടെ യാത്രക്കിടയിൽ നേത്തർ ഡ്രെട്സൺ സ്വദേശിയും സ്കൂൾ അദ്ധ്യാപികയുമായ യോഹന്നാ നൗമാനെ വിവാഹത്തിന് നിശ്ചയിച്ചു. 1894 ൽ തിയഡോർ ഇന്ത്യയിലേക്ക് തിരിച്ചു. യോഹന്നാ 1855 ൽ ഇന്ത്യയിലേക്ക് പുറപ്പെട്ടു.

ഇന്ത്യയിലെത്തിച്ചേർന്ന ഉടനെ ദക്ഷിണ ഇന്ത്യയിൽ ലെയ്പ്സിൽ മിഷൻ പ്രവർത്തന കേന്ദ്രത്തിലും ഏറെ അകലെയുള്ള പ്രദേശങ്ങളും സർവ്വേ നടത്തി. സൂക്കറിനു റിപ്പോർട്ട് ചെയ്ത ശേഷം സേലം താലൂക്കിലെ കൃഷ്ണഗിരി എന്ന സ്ഥലം പ്രവർത്തന കേന്ദ്രമായി തിരഞ്ഞെടുത്തു. 1895 ആഗസ്റ്റിൽ നേത്തർ അവിടെ ആൺകുട്ടികൾക്കായ് ഒരു പാഠശാല തുറന്ന് പ്രവർത്തിച്ചു.

ലെയ്പ്സിൽ മിഷൻ വിട്ടുപോയ മറ്റു ചില മിഷണറിമാരും എൽസിഎംഎസ് വിളി സ്വീകരിച്ച് നേത്തറിനെ സഹായിക്കാൻ ഇന്ത്യയിലെത്തിച്ചേർന്നു. 1875 ഒക്ടോബർ 25 ന് കെല്ലർബായർ തന്റെ പ്രണയിനിയോടും യോഹന്നാനൗകമാനോടും എത്തിച്ചേർന്നു. നേത്തറും യോഹന്നായും ഒക്ടോബർ 29-നു വിവാഹിതരായി. എഫ്.ഇ. മോഹൻ തന്റെ ഭാര്യയും കുഞ്ഞുമായി 1896 -ലും ആർ. ഫ്രെക്കെ 1897 ഫെബ്രുവരി 3 നും എത്തിച്ചേർന്നു. 1899 ജൂണിൽ തന്റെ ആദ്യജാതന്റേയും പിന്നെ മകളുടേയും മരണം നിമിത്തമുള്ള കഠിന വേദന അനുഭവിക്കേണ്ടിവന്നു. അടുത്ത പുത്രി എലിസബത്ത് 1899 നവംബർ 24 നും മകൾ മരിയ 1901 ഏപ്രിൽ 27 നും ജനിച്ചു. നേത്തറിന്റെ കൃഷ്ഗിരി മിഷൻ കേന്ദ്രത്തിൽ പ്രാദേശിക വാസിയുടെ ആദ്യ സ്നാനം 1900 മാർച്ച് 10 ന് ആണ് നടന്നത്. എൽ.സി.എം.എസിന്റെ ഇതര മിഷണറിമാർ മറ്റുപ്രദേശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. യോഹന്നയുടെ സഹോദരൻ ജോർജ്ജ് എ. നൗമാൻ എത്തിച്ചേരുംവരേയും നേത്തർ ഏകനായ് കൃഷ്ണഗിരിയിലെ വേല തുടർന്നു.

1904 ലെ ആദ്യ മാസങ്ങളിൽ ആ പ്രദേശത്ത് കഠിനമായ പ്ലേഗ് രോഗം പടർന്നു പിടിച്ചു. തന്റെ മാതാവും നവജാത ശിശുവും പ്ലേഗ് ബാധയാൽ മരണപ്പെട്ട കുടുംബത്തെ നേത്തർ അടിക്കടി സന്ദർശിക്കുകയും അമ്മക്കും കുഞ്ഞിനും ശരിയായ അടക്ക ശുശ്രൂഷ നടത്തുകയും ചെയ്തു. തനിക്കു പ്ലേഗ് രോഗം പിടിപെട്ടു എന്നു തിരിച്ചറിഞ്ഞ നേത്തർ സമീപത്തെ ആരോഗ്യകേന്ദ്രത്തിലേക്ക് നടന്നു എങ്കിലും കഠിനമായ ക്ഷീണം നിമിത്തം കാളവണ്ടിയിൽ വീട്ടിലേക്ക് കൊണ്ടു വന്നു. കെല്ലർബായറും ഒരു ഡോക്ടറും ബാംഗ്ലൂരിൽ നിന്നും എത്തിച്ചേർന്നു. ഡോക്ടർ നേത്തറിന്റെ മറ്റു കുടുംബാംഗങ്ങൾക്ക് രോഗപ്രതിരോധത്തിനായി പ്രഥമശുശ്രൂഷകൾ നൽകി. വേണ്ട നിർദ്ദേശങ്ങൾ കെല്ലർബായക്ക് നൽകിശേഷം നേത്തർ വിൽപത്രവും അന്ത്യ സാക്ഷ്യവും എഴുതി. 1904 ഫെബ്രുവരി 13 ന് നേത്തർ പ്ലേഗു രോഗത്താൽ മരിച്ചു. അന്നേദിവസത്തെ ശവസംസ്ക്കാര ശുശ്രൂഷയിൽ യോഹന്നാ, നൗമാൻ, കെല്ലർബായർ എന്നിവർ സംബന്ധിച്ചു. 2 കൊരി. 6.1-10 ആസ്പദമാക്കി കെല്ലർ ബായർ ധ്യാനം നടത്തി.

1904 ജൂലായ് 26 - ന് ഐസായെ യോഹന്ന പ്രസവിച്ചു. വിധവയും പുത്രിമാരും 1905 ഏപ്രിലിൽ ഡ്രെട്സണിലേക്ക് തിരിച്ചുപോയി. കൃഷ്ണഗിരിയിൽ നൗമാൻ മിഷണറി പ്രവർത്തനം തുടർന്നു.

## കാൾ ഗുസ്താവ് തിയോഡോർ നേതർ

| | |
|---|---|
| 14 സെപ്തംബർ 1866 | സാക്സണിയിലെ ബൗട്ടൂസനിൽ ഇസ്താഫ് എന്ന പ്രസിദ്ധ ചെരുപ്പുകു ത്തിയുടേയും ഐഡയുടേയും ആദ്യ ജാതനായി ജനനം. |
| 1883 | ലെയ്പിസിക്- ലെ മിഷൻ സെമിനാരിയിൽ ചേരാനായി ബൗട്ടൂസൺ വിട്ടു. കറ്റേക്ഹിസ്മുസ്, വേദപുസ്തക വ്യാഖ്യാനം, പ്രസംഗകല, തമിഴ് വ്യാകരണം എന്നിവ പഠിച്ചു. |
| 1887 | ബിരുദധാരിയായി. ഇന്ത്യയിലെ മിഷൻ പ്രവർത്തനത്തിന് വിളി |
| 30 ജൂൺ 1887 | മിഷൻ ബോർഡ് നേത്തർക്കും വേറെ 4 മിഷണറിമാർക്കും യാത്ര അയപ്പു നൽകി. അവർ ലണ്ടൻ വഴി ഇന്ത്യയിലേക്ക് തിരിച്ചു. നേത്തർ ലണ്ടനിൽ ഇംഗ്ലീഷ് ഭാഷാ പഠനം നടത്തി. |
| 28 ആഗസ്റ്റ് 1887 | കൊളെംബയിലെത്തി. ഇന്ത്യയിലെ തൂത്തുക്കുടിയിലേക്ക് അടുത്ത കപ്പൽ യാത്ര. |
| 31 ആഗസ്റ്റ്1887 | തരംഗംപാടിയിലെ അച്ചടി ശാലയുടെ മേൽനോട്ട ചുമതലയുമായി ആദ്യ രണ്ടരവർഷക്കാലം. |
| 1890 | വസന്തകാലം. മധുരയിലും ചെങ്കൽവട്ടിലും മിഷണറി പ്രവർത്തനങ്ങൾ. |
| ഫെബ്രുവരി 1892 | ലെയ്പ്സിൽ സമ്മേളനത്തിൽ 'തിരുവചനം : ഉള്ളൂതലും തെറ്റില്ലായ്മയും' എന്ന വിഷയത്തെ അധികരിച്ച് പ്രബന്ധാവതരണം. അനേകർ നേതറിന്റെ നിലപാടുകളോടു വിയോജിച്ചു. നേതർ വിഷയം മിഷൻ ബോർഡിന്റെ പരിഗണനയ്ക്കെത്തിച്ചു. |
| 1893 | മിഷണറിയായി തഞ്ചാവൂരിലും ഭരണക്കോയിടിലും പ്രവർത്തനം. പൻരുട്ടി, മണിഗ്രാമം എന്നീ മിഷൻ കേന്ദ്രങ്ങളുടെ ചുമതല. |
| 31 ഡിസംബർ 1893 | ലെയ്പ്സിൽ മിഷനിൽ നിന്നും പുറത്തേക്ക്. ശമ്പളമോ തിരിച്ചുള്ള യാത്രചിലവോ നൽകിയില്ല. നെയ്തർ, മോഹൻ, കെംപ് എന്നിവരുമായി ഇതര മിഷണറിമാർ സഹകരിച്ചുകൂടാ എന്ന വിലക്ക്. തഞ്ചാവൂർ മിഷൻ കേന്ദ്രത്തിലെ ജനങ്ങൾ പുറത്താക്കപ്പെട്ട മിഷണറിമാർക്ക് യാത്ര അയപ്പും ഓക്സ്ഫോർഡ് ബൈബിളും സമ്മാനിച്ചു. ബൈബിളിൽ വെളി. 2:10 രേഖപ്പെടുത്തിയിരുന്നു. |
| 1894 | സാക്സണിയിൽ തിരിച്ചെത്തി. സാക്സണിയിലെ സ്വതന്ത്ര സഭയിലെ സമാന ചിന്താഗതിക്കാരുമായി കൂടികാഴ്ച (ഏപ്രിൽ 3). അമേരിക്കയിലെ എൽ.സി.എം.എസിന്റെ വിദേശ മിഷൻ ബോർഡുമായി ബന്ധപ്പെടാനുള്ള നിർദ്ദേശം. |
| 24 ഏപ്രിൽ 1894 | എൽ.സി.എം.എസിന്റെ വിദേശ മിഷൻ ബോർഡു യോഗം. നേതറിനെയും മോഹനേയും മിഷണറിമാരായി വിളിക്കാനുള്ള തീരുമാനം |
| 1 മേയ് 1894 | പ്രസിഡന്റ് എച്ച് സി. ഷാന്റെ നേതൃത്വത്തിൽ ബോർഡ് മീറ്റിംഗ് |
| ആഗസ്റ്റ് 6, 1894 | ഫാദർ സുക്കൽ വിശദമായി പരിശോധിച്ചു വിലയിരുത്തുന്നു. |
| 12-14 ആഗസ്റ്റ് 1894 | എൽസിഎംഎസിന്റെ പാശ്ചാത്യ കൺവെൻഷനിൽ മിഷൻ ബോർഡ് കൂടുന്നു. നേതറിനേയും മോഹനേയും എൽ.സി.എം.എസ്. അംഗങ്ങളായി സ്വീകരിക്കുന്നു. ദിവ്യവിളിയുടെ ഡിപ്ലോമ നൽകുന്ന |

| | |
|---|---|
| | (ഒക്ടോബർ 13). ഒക്ടോബർ 14 ന് 240 പേരടങ്ങുന്ന ആരാധനയിൽ സെന്റ് ചാൾസിലെ ഇമ്മാനുവേൽ ലൂഥറൻ സഭയിൽ വച്ച് നിയോഗശുശ്രൂഷ നിർവ്വഹിക്കുന്നു. മിഷൻ ബോർഡ് ഡയറക്ടർ സി.എം. സോൺ മത്താ. 28:18–20 ആധാരമാക്കി പ്രസംഗിച്ചു. അപ്പൊ. പ്രവൃത്തി 26: 16–18 അടിസ്ഥാനമാക്കി പ്രസിഡന്റ് ഷ്വാൻ മിഷണറിമാരെ പ്രബോധിപ്പിക്കുന്നു. |
| 7 നവംബർ 1894 | ജർമ്മനിയിൽ തിരിച്ചെത്തി. ഡ്രെസ്സ്ഡണിലെ പുസ്തക വ്യാപാരി ഹെൻട്രി 1. നൗമാന്റെ മകളും സ്കൂൾ അദ്ധ്യാപികയുമായ ജോഹന്നസ് നൗമാനുമായി വിവാഹ നിശ്ചയം. ഡിസംബറിൽ നേത്തർ ഇന്ത്യയിലേക്ക് തിരിക്കുന്നു. യോഹന്നാ അടുത്തവർഷം ഇന്ത്യയിലേക്ക്. |
| 30 ഡിസംബർ 1894 | രോഗിയായ മോഹനെ ജർമ്മനിയിൽ വിട്ടിട്ട് ഇന്ത്യയിലേക്ക് യാത്ര. |
| 20 ജനുവരി 1895 | ഇന്ത്യൻ തുറമുഖമായ തൂത്തുക്കുടിയിൽ. കെംപ് വന്നു കാണുന്നു. മദ്രാസിലെ സേലം പ്രവിശ്യയിൽ മിഷൻ പ്രവർത്തന സാധ്യത ആരായുന്നു. പ്രതിശ്രുത വധു, മാതാപിതാക്കൾ എൽസിഎം.എസ്. മിഷൻ ബോർഡ് എന്നിവയ്ക്ക് കൃത്യമായി വിശദ കത്തുകൾ അയയ്ക്കുന്നു. |
| 29 മേയ് 1895 | എൽ.സി.എം.എസ്. മിഷൻ ബോർഡിന്റെ അനുമതിയോടെ കൃഷ്ണഗിരി പ്രവർത്തനമേഖലയാക്കുന്നു. ഒരു മുസ്ലീമിന്റെ കെട്ടിടം വാടകയ്ക്കെടു ക്കുന്നു. (മേയ് 29) സ്കൂൾ പ്രവർത്തനമാരംഭിക്കുന്നു. (ആഗസ്റ്റ്.) |
| 25 ഒക്ടോബർ 1895 | കൊളംബോയിൽ നിന്നെത്തിയതിന്റെ 4–ാം നാൾ തിയഡോർ യോഹന്നയെ വിവാഹം ചെയ്തു. |
| 1896 | എഫ്.ഇ. മോഹൻ ഭാര്യയോടും കുഞ്ഞിനോടും എത്തിച്ചേർന്നു. ആമ്പൂരിൽ പ്രവർത്തനാരംഭം. |
| 3 ഫെബ്രുവരി 1897 | ലെയ്പിസിക് മിഷൻ വിട്ട ആർ ഫ്രെക്കെ എൽസിഎംഎസിന്റെ വിളി സ്വീകരിച്ച് വാണിയമ്പാടിയിലെത്തി പ്രവർത്തനമാരംഭിച്ചു. |
| 7 മാർച്ച് 1897 | നേതറിന്റെ ആദ്യജാതൻ യോഹന്നാസ് ജനിച്ചു 29 ജൂൺ 1899 – ൽ വയറിളക്കം മൂലം മരിച്ചു. |
| 4 സെപ്തംബർ 1898 | നേതറിന്റെ ആദ്യ മകൾ ഡോറതി ജനിച്ചു. 25 ജൂൺ 1899 – ൽ വയറിളക്കം മൂലം മരിച്ചു. |
| 24 നവംബർ 1899 | നേതറിന്റെ മകൾ എലിസബ്ബത്ത് ജനിച്ചു. 27 ഏപ്രിൽ 1901 മറിയയുടെ ജനനം. |
| 10 മാർച്ച് 1900 | ആമ്പൂരിൽ മിഷന്റെ ആദ്യ സ്നാനം – ദൈവ സഹായം |
| 1902 | യോഹന്നയുടെ ഇളയ സഹോദരൻ ജോർജ്ജ് എ. നൗമാൻ ഭാര്യയോടും കുഞ്ഞിനോടും അമേരിക്കയിൽ നിന്നുമെത്തി. കൃഷ്ണഗിരിയിൽ നേത്തർക്കൊപ്പം പ്രവർത്തനം. |
| 7 ഫെബ്രുവരി 1904 | പ്ലേഗു ബാധ പടർന്നു പിടിക്കുന്നു. വിശ്രമരഹിതമായ ആതുര ശുശ്രൂഷ. പ്ലേഗു ബാധിച്ചു മരിച്ചവരുടെ ശവസംസ്ക്കാരം. നേത്തറിലും രോഗ ലക്ഷണം.കെല്ലർ ബായറും ബാംഗ്ലൂരിൽ നിന്നും ഡോക്ടറും പാഞ്ഞെത്തി. നേതറിന്റെ കുടുംബാംഗങ്ങൾക്ക് പ്രതിരോധ ചികിത്സകൾ |
| 13 ഫെബ്രു 1904 | പ്ലേഗു ബാധയാൽ മരിച്ചു. യോഹന്ന, നൗമാൻ, കെല്ലൻ ബായർ എന്നിവർ അന്നു നടന്ന ശവസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. |
| 26 ജൂലായ് 1904 | ഐഡ എന്ന പുത്രി ജനിച്ചു. |
| ഏപ്രിൽ 1905 | യോഹന്നയും പുത്രികളും ജർമ്മനിയിലേക്ക് തിരിച്ചു. |

'... കഴിഞ്ഞ വർഷം 124 ഇടങ്ങളിൽ പൊതുവായി ഞാൻ ദൈവവചനം സംസാരിച്ചു. 27 ഗ്രാമങ്ങളിൽ ഒരിക്കൽ മാത്രം. ബാക്കി 97 ഗ്രാമങ്ങളിൽ ആവർത്തിച്ച് പല പ്രാവശ്യങ്ങിൾ തനിപ്പെട്ട ശ്രോതാക്കളുടെ പേരുകളുടെ പട്ടിക തയ്യാറാക്കുക എളുപ്പമല്ല. അതിൽകുറച്ചുപേരെ മാത്രമാണ് ആവർത്തിച്ച് എനിക്ക് സന്ദർശിക്കാനായത്. നിരന്തര സമ്പർക്കം കൂടാതെ ഒരാളിൽ വ്യക്തിപരമായ സ്വാധീനം ചെലുത്തുക വിഷമം തന്നെ. ഞങ്ങൾ മിഷണറിമാർ ആവർത്തിച്ച് ന്യായപ്രമാണം പ്രബോധിപ്പിക്കുന്നു. ഒപ്പം സുവിശേഷത്താൽ സാന്ത്വനപ്പെടുത്തുകയും ചെയ്യുന്നു. അഹങ്കാരിയും സ്വയനീതിക്കാരനുമായ മനുഷ്യൻ അതിഷ്ടപ്പെടുന്നില്ല എങ്കിലും വചന വലയാൽ അവരെ പിടിച്ചെടുക്കാൻ ഞങ്ങളാഗ്രഹിക്കുന്നു. തങ്ങളുടെ രാജ്യത്തിലെ ഇതര വ്യക്തികളിൽ നിന്നും ഉണ്ടാകുന്ന വേദനകൾ സ്വീകരിക്കാൻ അവർക്കിഷ്ടമല്ല. ഓരോ സമയത്തും എന്നെ ആശ്ചര്യപ്പെടുത്തുന്ന ഒന്നുണ്ട്. മഹത്തായ സന്തോഷത്താലും പുത്തൻ അനുഭവങ്ങളാലും ഞാൻ നിറയപ്പെടുന്നു. ഞാൻ കേൾവിക്കാരെ കണ്ടെത്തുന്നു. സാധാരണയേക്കാൾ നല്ല മുന്നേറ്റം ഉള്ളത് എന്നെ സന്തുഷ്ടനാക്കുന്നു. അവിടവിടെയായി പരിചിത മുഖങ്ങൾ ഞാൻ കാണുന്നു. അവരെ ഓർക്കുക നിമിത്തം പൊതുവെ അവർ കൃതാർത്ഥരാണ്. ഇപ്പോൾ മുമ്പത്തേതിനേക്കാൾ ശ്രദ്ധാലുക്കളായി അവർ കാണപ്പെടുന്നു. ആദ്യം ഓരോ ഇടങ്ങളിലും വിഷമകരമായിരുന്നു. എന്നാൽ ഈയിടെയായി കൂടുതൽ ആളുകൾ പങ്കെടുക്കുന്ന ആൾ കൂട്ടങ്ങളുണ്ട്. ഒരാൾക്ക് പൊതുവായി പരിഗണന നൽകാനാവും വിധം ഗുണകരവും അനുകമ്പയാർന്നതുമായ കൂടുതൽ ആഹ്ലാദകരവും ആകും. ഒരാൾക്ക് കൂടുതൽ നേട്ടമുണ്ടാക്കുന്ന സംവാദങ്ങൾ സാധ്യമാകും'

20 ഡിസംബർ 1895 ലെ കത്തിൽ നിന്നും

**വിശ്വാസികളുടെ പ്രാർത്ഥനയും കരുതലും കാണിക്കയുമാണ്**
**ലൂഥറൻ വോയ്സിന്**
**ദൈവം നൽകിയിരിക്കുന്ന സംരക്ഷണവലയം.**

***കാണിക്ക***

പേര് വെളിപ്പെടുത്താനാഗ്രഹിക്കാത്ത ഒരു വ്യക്തി - കവർ പേജ് സ്പോൺസർ
റവ. ജെ. മോഹൻരാജ്, കാര്യവട്ടം - 500 രൂപ
ജോയി ക്രിസ്റ്റഫർ, കാര്യവട്ടം- 200 രൂപ
സി. മാലിക്, കാര്യവട്ടം - 200 രൂപ
എൻ.സി. എഡ്വേർഡ്, കാര്യവട്ടം - 2000 രൂപ
പി.ജെ. റോബർട്ട്, ശ്രീകാര്യം - 1000 രൂപ
എം. റസ്സാലൻ, ശ്രീകാര്യം - 500.00 രൂപ
എൻ. ഐസക്, ശ്രീകാര്യം - 100 രൂപ
രാജാമണി പാലേലി, കാട്ടാക്കട - 100 രൂപ
സുശീലാദാസ്, കാച്ചാണി - 100 രൂപ